"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ഉരുൾപ്പൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മേപ്പാടി ഗ്രാമ പഞ്ചായത്തിന് അധിക സൗകര്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2235/2024/LSGD തീയതി,തിരുവനന്തപുരം, 19-11-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 1527/2024/എൽ.എസ്.ജി.ഡി. തീയതി 14.08.2024
2. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 21.08.2024 ലെ No. J-11019/01/2024-RE-IV(389218) നമ്പർ കത്ത്
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 27.10.2024-ലെ NREGA/1135/2024-C3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്തബാധിത പ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നതിന് ഉതകുന്ന വിധത്തിൽ വേതന-സാധന ഘടകങ്ങളുടെ അനുപാതം ഗ്രാമ പഞ്ചായത്ത് തലത്തിൽ 60:40 ആയിരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ നിന്നും മേപ്പാടി ഗ്രാമ പഞ്ചായത്തിനെ 2024-25 സാമ്പത്തിക വർഷത്തേക്ക് ഒഴിവാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2. മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ ടി പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെങ്കിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ജിയോ ടാഗിങ് അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനുമായി താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ അനുവദിക്കണമെന്നും, മേപ്പാടി ഗ്രാമപഞ്ചായത്തിലെ ദുർഘട പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിന്, പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വാഹനം ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണം എന്നുമുള്ള വയനാട് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അഭ്യർത്ഥന മിഷൻ ഡയറക്ടർ അനുകൂലമായി ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മേപ്പാടി ഗ്രാമപഞ്ചായത്തിൽ ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിൽ അനുവദനീയമായിട്ടുള്ള തസ്തികകൾക്ക് പുറമെ ഒരു അക്രഡിറ്റഡ് എഞ്ചിനിയർ, ഒരു ഓവർസിയർ, ഒരു അക്കൗണ്ടന്റ്-കം-ഐ.ടി അസിസ്റ്റന്റ് എന്നീ തസ്തികകൾ കൂടി താൽക്കാലിക അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്ക് അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ, ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, ഗ്രാമപഞ്ചായത്തിലെ യാത്ര ദുഷ്കരമായ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഉപയോഗിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് മേപ്പാടി ഗ്രാമ പഞ്ചായത്തിന് താല്ക്കാലിക അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ജില്ലാ കളക്ടർ & ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ(MGNREGS), വയനാട്
ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, കല്പറ്റ
സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 19-11-2024 15:15:18
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്